# ഫെഡറൽ റിപ്പബ്ലിക് ഓഫ് നൈജീരിയയുടെ പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 10, 2023

2023 സെപ്തംബർ 10-ന് ന്യൂഡൽഹിയിൽ നടക്കുന്ന ജി 20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഫെഡറൽ റിപ്പബ്ലിക് ഓഫ് നൈജീരിയയുടെ പ്രസിഡന്റ് ഹിസ് എക്സലൻസി ബോല അഹമ്മദ് ടിനുബുവുമായി കൂടിക്കാഴ്ച നടത്തി.

ഇന്ത്യയുടെ ജി20 പ്രസിഡൻസിയുടെ വിജയത്തിൽ പ്രസിഡന്റ് ടിനുബു പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. ജി20യിൽ ആഫ്രിക്കൻ യൂണിയന്റെ സ്ഥിരാംഗത്വം ഉറപ്പാക്കിയതിനും ഗ്ലോബൽ സൗത്തിന്റെ താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിച്ചതിനും പ്രധാനമന്ത്രിയോട് അദ്ദേഹം നന്ദി പറഞ്ഞു.

വ്യാപാരം, നിക്ഷേപം, പ്രതിരോധം, കൃഷി, മില്ലറ്റുകൾ, സാമ്പത്തിക സാങ്കേതിക വിദ്യ, ശേഷി വർധിപ്പിക്കൽ തുടങ്ങി വിപുലമായ ഉഭയകക്ഷി സഹകരണത്തിന്റെ വിവിധ മേഖലകളിൽ ഇരു നേതാക്കളും ഉൽപാദനപരമായ ചർച്ചകൾ നടത്തി.

**ന്യൂഡൽഹി**
**സെപ്റ്റംബർ 10, 2023**